പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1976 — 08.12.2014 ൽ മറുപടിയ്ക്ക്

ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകൾ

| ചോദ്യം<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | മറുപടി<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം മുഖ്യമന്ത്രി നടത്തിയ ജനസമ്പർക്ക പരിപാടിയിൽ ഏറ്റവും കൂടുതൽ അപേക്ഷകൾ ലഭിച്ചത് ഏത് ജില്ലയിൽ നിന്നാണ് ; | എ) ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ തൃശ്ശൂർ ജില്ലയിലും, രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ കൊല്ലം ജില്ലയിൽ നിന്നുമാണ് ഏറ്റവും കൂടുതൽ അപേക്ഷകൾ ലഭിച്ചത്. |
| ബി) ജനസമ്പർക്ക പരിപാടിയിൽ കാസർഗോഡ് ജില്ലയിൽ നിന്ന് ലഭിച്ച അപേക്ഷകളുടെ എണ്ണവും വിശദാംശങ്ങളും നൽകാമോ; | ബി) കാസർഗോഡ് ജില്ലയിൽ 2011 ൽ നടത്തിയ ജനസമ്പർക്ക പരിപാടിയിൽ 22,417 പരാതികളും 2013 ൽ നടത്തിയ ജനസമ്പർക്ക പരിപാടിയിൽ 20,863 പരാതികളും ലഭിച്ചിട്ടുണ്ട്. |
| സി) ജില്ലയിൽ നിന്ന് ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണത്തിൽ തീർപ്പായിട്ടുണ്ട്; തീർപ്പാകാത്ത അപേക്ഷകൾ എത്രയാണ്;തീർപ്പാകാതിരിക്കാൻ കാരണമെന്താണ്; | സി) ഒന്നാംഘട്ടത്തിൽ ലഭിച്ച 22,417 പരാതികളും തീർപ്പാക്കിയിട്ടുണ്ട്. 2013 ൽ നടത്തിയ ജനസമ്പർക്ക പരിപാടിയിൽ 20,863 പരാതികൾ രജിസ്റ്റർ ചെയ്തതിൽ ഇതുവരെയായി 19,209 പരാതികൾ തീർപ്പാക്കി. 1,654 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്. തീർപ്പാകാൻ ബാക്കിയുള്ള അപേക്ഷകളിൽ നടപടികൾ എടുത്തു വരുന്നു. |
| ഡി) ജനസമ്പർക്ക പരിപാടിയിൽ ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിരുന്നു; ഇതിൽ പരിഗണിക്കപ്പെട്ടതും പരിഗണിക്കപ്പെടാത്തതുമായ അപേക്ഷകളുടെ വിശദാംശങ്ങൾ നൽകാമോ? | ഡി) ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായത്തിനായി ലഭിച്ച 3,457 അപേക്ഷകളിലും നടപടി സ്വീകരിച്ച് തുക അനുവദിച്ചിട്ടുണ്ട്. രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച 3,814 അപേക്ഷകളിൽ 3,007 അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതും ബാക്കിയുള്ള 807 അപേക്ഷകളിൽ നടപടികൾ എടുത്തു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ